# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## ഗവ ടൗൺ എൽ പി സ്കൂൾ കരുനാഗപ്പള്ളി



സ്കൂൾ കോഡ് : 41205

ബി ആർ സി : കരുനാഗപ്പള്ളി

ഉപജില്ല : കരുനാഗപ്പള്ളി

ഫോൺ നമ്പര് : 9562194737

Email : townlpskply@gmail.com

ACE Scanner

# സ്കൂളിനെക്കുറിച്ച് ഒരു ആമുഖം

കരുനാഗപ്പള്ളി നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ടൗൺ എൽപിഎസ് 1915 -ഇൽ സ്ഥാപിതമായി. ബഹു. ശ്രീ. സി.എസ്. സുബ്രഹ്മണ്യം പോറ്റി അവർകൾ സംഭാവനയായി നൽകിയ ഒരേക്കർ 15 സെന്റ് സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. പഴമയുടെ സൗന്ദര്യം ഒട്ടുംതന്നെ നഷ്ടപ്പെടാതെ പ്രൗഢ ഗാംഭീര്യത്തോടെ തല ഉയർത്തി നിൽക്കുന്ന ഈ വിദ്യാലയത്തിന് ഇന്ന് പ്രീ പ്രൈമറി ഉൾപ്പെടെ 10 ഡിവിഷനുകളിലായി 175 കുട്ടികൾ പഠിക്കുന്നു.

SSA, മുനിസിപ്പാലിറ്റി, MLA ഫണ്ട് എന്നിവയുടെ സഹായത്താൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. അവരുടെ എല്ലാം സഹായത്താൽ സ്കൂളിന് അകവും പുറവും വളരെ മനോഹരമായി മാറിയിരിക്കുന്നു. ഈ വർഷം എസ് എസ് കെ യുടെ 10 ലക്ഷം രൂപ ഉപയോഗിച്ച് വർണ്ണ കൂടാരം സ്കൂളിൽ നിർമ്മിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങി കഴിഞ്ഞു.

ശക്തമായ എസ്എം സി മാതൃസമിതി സ്കൂളിന്റെ വികസന കാര്യങ്ങൾക്കായി അഹോരാത്രം പ്രയത്നിക്കുന്നു. കഴിവുറ്റ ഒരു കൂട്ടം അധ്യാപകരുടെ മേൽനോട്ടത്തിൽ പാഠ്യ പാഠ്യേതരപ്രവർത്തനങ്ങൾ വളരെ കാര്യമായി നടത്തപ്പെടുന്നു. കഴിഞ്ഞവർഷം സുചിത്വ സമൃദ്ധ വിദ്യാലയമായി സ്കൂളിനെ മുനിസിപ്പാലിറ്റി തലത്തിലും എ ഇ ഒ തലത്തിലും തിരഞ്ഞെടുക്കുകയുണ്ടായി. സ്കൂളിലെ പ്ലാസ്റ്റിക് രഹിത സ്കൂൾ ആക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞവർഷം മുതൽ തുടർന്നു കൊണ്ടുവരുന്നു. സ്കൂളിൽ പിറന്നാളിന് മിട്ടായിക്ക് പകരം വീട്ടിൽ ഉണ്ടാക്കുന്ന

ACE Scanner

പലഹാരങ്ങൾ ചെടികൾ, പുസ്തകങ്ങൾ എന്നിവ കുട്ടികൾ സ്കൂളിലെത്തിക്കുന്നു. കൂടാതെ ഈ വർഷം എല്ലാ കുട്ടികൾക്കും സ്റ്റീൽ കുപ്പി എന്ന ആശയം പ്രാവർത്തികമാക്കാൻ പോകുന്നു.

ദൂരസ്ഥലത്തു നിന്നും ധാരാളം കുട്ടികൾ അധ്യയനത്തിനായി ഇവിടെ വന്നു ചേരുകയും മികച്ച വിജയം നേടി പടിയിറങ്ങുന്നത് ഞങ്ങൾക്ക് വളരെ അഭിമാനകരമായ കാര്യമാണ്. അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളായ ഏകദേശം 15 ഓളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട് എന്നതും അഭിമാനകരമായി കാണുന്നു

കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉള്ള ബോധവൽക്കരണ ക്ലാസുകൾ സമയാ സമയങ്ങളിൽ നടത്താൻ ശ്രദ്ധ പുലർത്തുന്നു

എല്ലാവർഷവും കരുനാഗപ്പള്ളി സബ് ജില്ലയിലെ മേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അഭിമാനകരമായ വിജയം കരസ്ഥമാക്കുകയും ചെയ്യുന്നു. LSS ന് എല്ലാവർഷവും മികച്ച വിജയം കൈവരിക്കാറുണ്ട്.

ACE Scanner

സൗന്ദര്യവൽക്കരണം

1. വൈവിധ്യമാർന്ന സസ്യ ജാലങ്ങൾ ഉൾക്കൊള്ളുന്ന പൂന്തോട്ടം
2. കുട്ടികളുടെ പാർക്ക്
3. വർണ്ണ കൂടാരം
4. സ്കൂളിന്റെ പുറംഭിത്തി, അകം ഭിത്തി ഇവ ആകർഷകമാക്കൽ
5. ആവശ്യത്തിന് ഡ്രെയിനേജ് സൗകര്യം ഒരുക്കൽ
6. ദിശ ബോർഡുകൾ സ്ഥാപിക്കൽ
7. മരങ്ങൾക്ക് ചുറ്റും കുട്ടികൾക്ക് ഇരിപ്പിടങ്ങൾ ഒരുക്കൽ
8. വിദ്യാലയ കെട്ടിടങ്ങളുടെ ചുവരുകൾ പഠന മൂല്യ മുള്ളതാക്കി മാറ്റൽ
9. മതിലിന് പുറത്ത് റോഡിന് ഇടയിലുള്ള സ്ഥലത്ത് കാലാവസ്ഥയ്ക്ക്
10. അനുയോജ്യമായ പൂക്കളും ചെടികളും നട്ട് ആകർഷകമാക്കൽ

ACE Scanner

## ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം

പ്ലാസ്റ്റിക് മാലിന്യങ്ങളും ജൈവ മാലിന്യങ്ങളും തരം തിരിച്ച് ശേഖരിക്കുന്നതിന് ക്ലാസ്സുകളിലും സ്കൂൾ പരിസരത്തും പ്രത്യേക ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്

.

ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുന്നതിന് കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്.കുട്ടികളുടെ പിറന്നാളിനോടനുബന്ധിച്ച് സ്കൂൾ ഉദ്യാനത്തിലേക്ക് ചെടികളും ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവന ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു

ഹരിത പരിസരം ഉറപ്പാക്കൽ

1.ജൈവവൈവിധ്യ പാർക്ക്

2. ഔഷധത്തോട്ടം

3. ജൈവ പച്ചക്കറിത്തോട്ടം

4. പച്ച തുരുത്ത്

5. ശലഭോദ്യാനം

6. കുട്ടിവനം

എന്നീ ഇടങ്ങൾ സ്കൂളിൽ സജ്ജീകരിച്ചിട്ടുണ്ട്.

PDF Scanner ACE Scanner

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

## പ്രീ പ്രൈമറി

## 2025-2026

1951 ൽ സ്ഥാപിതമായ വിദ്യാലയ മുത്തശ്ശിയാണ് ഗവൺമെന്റ് ടൗൺ എൽപിഎസ് സ്കൂൾ. തുടക്കം മുതൽ തന്നെ മികവുറ്റ സ്കൂൾ വിദ്യാഭ്യാസം ലഭ്യമാക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.... എന്ന് സ്കൂളിലെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. പ്രതിഭാ ധനരായ ഒട്ടേറെ വ്യക്തികളെ സംഭാവന ചെയ്ത ഈ സ്കൂൾ ഇപ്പോൾ ശാസ്ത്രീയമായ ശിശു പരിചരണത്തിലും കുട്ടികളുടെ വൈജ്ഞാനിക വൈകാരികവും സാമൂഹികവുമായ മേഖലകളിലും വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട്.

(സ്നേഹമാണ് ഭാഷ

കളിയാണ് രീതി)

ജൂൺ മുതൽ മാർച്ച് വരെ ഉള്ള കളിത്തോണി പുസ്തകത്തിന്റെ പ്രവർത്തന ക്രമങ്ങൾ.

3+,4+ കുട്ടികൾക്ക് അനുയോജ്യമായ ശേഷികളും പഠ

നാനുഭവങ്ങളും നൽകിയിട്ടുണ്ട്.

ജൂൺ

തീം :1,2

കുടുംബം, വീടും പരിസരവും

a) അച്ഛനും അമ്മയും മക്കളും ചേർന്നതാണ് കുടുംബം

b) കുടുംബം എന്ന തീ മുമായി ബന്ധപ്പെട്ട കഥകൾ, പാട്ടുകൾ എന്നിവ

ഫാമിലി ട്രീ നിർമിക്കൽ. വീട്ടിൽ വളർത്തുന്ന മൃഗങ്ങൾ പക്ഷികൾ എന്നിവയെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു

തീം 3,4,5 ( ജൂലൈ)

ഞാനും എന്റെ ശരീരവും- ശുചിത്വം

മഴയും കാലാവസ്ഥയും

സസ്യങ്ങൾ, പഴങ്ങൾ

ACE Scanner

ശരീരം വൃത്തിയായി സൂക്ഷിക്കണം( കുളിക്കണം, പല്ലുതേക്കണം, നഖം മുറിക്കണം വൃത്തിയുള്ള വസ്ത്രം ധരിക്കണം. ശരീരം വൃത്തിയായി സൂക്ഷിച്ചില്ലെങ്കിൽ അസുഖം വരും വീടും ചുറ്റുപാടും,

ക്ലാസും വൃത്തിയായി സൂക്ഷിക്കണം

മഴപെയ്യുമ്പോൾ ധാരാളം വെള്ളം ലഭിക്കുന്നു. മഴയുള്ള കാലവും മഴയില്ലാത്ത കാലവും ഉണ്ട്. മഴക്കാലത്ത് ചെടികൾ വളരുന്നു. തളിർക്കുന്നു.

വെള്ളം ശ്രദ്ധയോടെ ഉപയോഗിക്കണം

കൂടാതെ തൊപ്പി, കുട എന്നിവയുടെ ചിത്രങ്ങളിൽ നിറം നൽകൽ

വീട്ടിൽ പലതരത്തിലുള്ള ചെടികൾ വളരുന്നുണ്ട്

വിവിധതരം പഴങ്ങളുണ്ട്

പഴങ്ങൾക്ക് മണം രുചി നിറം എന്നിവയുണ്ട്

പഴങ്ങളുടെ മാസ്ക്ക് ഉപയോഗിച്ച് അഭിനയിക്കൽ. ഇത് കുഞ്ഞരങ്ങ് എന്ന ഇടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

6,7,8 ആഗസ്റ്റ്

ആഹാരം

ആഘോഷങ്ങൾ - സ്വാതന്ത്ര്യ ദിനം

ആരോഗ്യം, രോഗങ്ങൾ ആശുപത്രി

മനുഷ്യൻ മാത്രമല്ല മറ്റു ജീവികളും വിശക്കുമ്പോൾ ആഹാരം കഴിക്കുന്നു.

പലതരം ആഹാരങ്ങൾ ഉണ്ട്( ചോറ്, ഇഡ്ഡലി, മധുര പലഹാരങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ മുതലായവ) ഉപ്പ്, മധുരം,എരിവ്, കയ് പ് എന്നീ രുചികളിൽ ഉള്ള ആഹാരപദാർത്ഥങ്ങൾ ഉണ്ട്. പഞ്ചേന്ദ്രിയ ഇടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. പിറന്നാൾ,വിവാഹം തുടങ്ങിയ ആഘോഷങ്ങൾ വീട്ടിൽ ഉണ്ടാകാറുണ്ട്.

ഓണം,ക്രിസ്മസ്,

പെരുന്നാൾ തുടങ്ങിയ പലതരം ആഘോഷങ്ങൾ ഉണ്ട്. ആഘോഷത്തിന്റെ ഭാഗമായി വീടും പരിസരവും സ്കൂളും അലങ്കരിക്കുന്നു. പലതരത്തിലുള്ള തോരണങ്ങൾ ബാഡ്ജ് എന്നിവ നിർമ്മിക്കാവുന്നതാണ് ഇത് നിർമ്മാണയിടവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്.

ACE Scanner

വിവിധതരം രോഗങ്ങൾ ഉണ്ട്

ആരോഗ്യത്തിന് ശുചിത്വ ശീലങ്ങൾ വളരെ പ്രധാനമാണ്

രോഗം വന്നാൽ ചികിത്സിക്കുന്ന സ്ഥാപനമാണ് ആശുപത്രി

ആശുപത്രിയിൽ ഡോക്ടർ നഴ്സ് തുടങ്ങിയവരും ഡോക്ടർ നഴ്സ് എന്നിവരായി അഭിനയിക്കല് കുഞ്ഞിരങ്ങിലൂടെ കുട്ടികൾക്ക് അവതരിപ്പിക്കാവുന്നതാണ്

പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ, ഓണം, റംസാൻ,പച്ചക്കറികൾ സെപ്റ്റംബർ

പൂക്കൾ ഉണ്ടാകുന്ന ചെടികൾ നട്ടു വളർത്താറുണ്ട്.

മണമുള്ള പൂക്കളും മണമില്ലാത്ത പൂക്കളുമുണ്ട്.

പൂക്കളിൽ പൂമ്പാറ്റകൾ വരുന്നു. പൂക്കളുമായി ബന്ധപ്പെട്ട അഭിനയ ഗാനങ്ങൾ. വിവിധ തരത്തിലുള്ള പൂക്കൾ വരച്ച് അതിനെ നിറം നൽകാൻ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. ഓണം പെരുന്നാൾ തുടങ്ങിയ പലതരം ആഘോഷങ്ങൾ ഉണ്ട്. ഓരോന്നിനും അതിന്റെ തായ പ്രത്യേകതകളും ഉണ്ട്. മാവേലി ക്രിസ്മസ് അപ്പൂപ്പൻ ഇവരുടെ ചിത്രത്തിൽ നിറം നൽകൽ. പലതരത്തിലുള്ള പച്ചക്കറികൾ ഉണ്ട്. പാകം ചെയ്തും അല്ലാതെയും പച്ചക്കറികൾ കഴിക്കുന്നു. ഗണിത ഇടവുമായി ബന്ധപ്പെട്ട്

വലിയ കൂട്ടം, ചെറിയ കൂട്ടം എന്നിവ തരംതിരിക്കൽ. 1-5 വരെ എണ്ണി പറയൽ

ഗണിത പാട്ടുകൾ പാടൽ. പാട്ടുകളെ അടിസ്ഥാനമാക്കി എത്ര എന്ന് പറയൽ.

ഗാന്ധിജയന്തി

ജീവികൾ, വളർത്തു ജീവികൾ, വളർത്തു പക്ഷികൾ, വന്യജീവികൾ, മണ്ണ്, കൃഷി. ഒക്ടോബർ

പശു, ആട്, കാള, പട്ടി, പൂച്ച, മുയൽ മുതലായവയെ വീട്ടിൽ വളർത്തുന്നു. ചില പക്ഷികളെ വീട്ടിൽ വളർത്താറുണ്ട്.

ചില പക്ഷികളെ കൊണ്ട് ഉപയോഗമുണ്ട്( കോഴി, താറാവ്...) പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ( തവളച്ചാട്ടം, പൂമ്പാറ്റ പറക്കൽ.

കാട്ടിൽ ജീവിക്കുന്ന പലതരം മൃഗങ്ങളുണ്ട്.

പലതും ചെറുതുമായ മൃഗങ്ങളുണ്ട്. മാംസാഹാരം കഴിക്കുന്ന മൃഗങ്ങളും സസ്യാഹാരം കഴിക്കുന്ന മൃഗങ്ങളും ഉണ്ട്. മാസ്കിന്റെ

സഹായത്തോടെയുള്ള ചലനങ്ങൾ. വഴി കാണിക്കൽ,

മൃഗരൂപങ്ങൾ നിർമ്മിക്കൽ.

ACE Scanner

ചെടികൾ വളരുന്നത് മണ്ണിലാണ്.

മനുഷ്യൻ പലതരം കൃഷികൾ ചെയ്യുന്നു.

കൃഷി ചെയ്യാൻ ഉപകരണങ്ങൾ ആവശ്യമാണ്.

മണ്ണിൽ ജീവികൾ ഉണ്ട് ( മണ്ണിര,കുഴിയാന)

വിത്തുകൾ മുളപ്പിച്ചും കമ്പുകൾ നട്ടും കൃഷി ചെയ്യാം.

മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവ കൃഷി ചെയ്യുന്നതിന് സഹായിക്കുന്നു

കൃഷിപ്പാട്ടുകൾ പാടൽ അഭിനയിക്കൽ.

16,17,18തൊഴിൽ, ശിശുദിനം പക്ഷികൾ, നവംബർ

പലതരം തൊഴുകുകൾ ചെയ്യുന്നവർ നമ്മുടെ നാട്ടിലുണ്ട്.

തൊഴിൽ ചെയ്താൽ കൂലി കിട്ടും.

തൊഴിൽ ചെയ്യാൻ തൊഴിൽ ഉപകരണങ്ങൾ വേണം.

ജോലി ചെയ്തു കിട്ടുന്ന പണംകൊണ്ടാണ് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നത്.

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കുഞ്ഞു കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ( മച്ചിങ്ങ വണ്ടി, തീവണ്ടി....)

ശിശുദിനവുമായി ബന്ധപ്പെട്ട്

പരിപാടികൾ നടത്താറുണ്ട്.

ശിശുദിനത്തിന്റെ ഭാഗമായി പ്രീ സ്കൂളും പരിസരവും അലങ്കരിക്കുന്നുണ്ട്.

നമുക്ക് ചുറ്റും പലതരം പക്ഷികൾ ഉണ്ട്. കോഴി, താറാവ് എന്നി വീട്ടു പക്ഷികൾ നമുക്കു മുട്ട തരുന്നു.

ചോക്ക്,പെൻസിൽ എന്നിവ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ

പലതരത്തിലുള്ള പക്ഷികളെ ഒ ട്ടിക്കൽ

പക്ഷികളുടെ പാട്ട് പാടൽ.

PDF Scanner ACE Scanner

ക്ലാസ്

ഒന്ന്

അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെസമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത് വായനമറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ കൈവരിക്കാൻ ആവശ്യമായഇടപെടലുകളും ആണ് ലക്ഷ്യമിടുന്നത് ഈ വർഷം ജൂൺ മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്

ലക്ഷ്യങ്ങൾ

*ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ള കഴിവുള്ളവരാക്കുക

*എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക

*ഒരൊറ്റ സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന(1-20)ലളിതമായ ഗണിത പ്രശ്നങ്ങൾ ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം

ചെയ്യുന്നതിന് കഴിവ് നേടുക

*തൻറെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക

*കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക

പ്രവർത്തന പദ്ധതി

ലക്ഷ്യം

1.ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

ജൂൺ

*ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു

*രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം

ജൂലൈ

ടീച്ചർ പുസ്തകങ്ങൾ(കഥ)ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു

വീട്ടു വായന

രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു(ചൂണ്ടി വായന)

കേട്ടകഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു

PDF Scanner ACE Scanner

ക്ലാസിൽ ലൈബ്രറി ശക്തമാക്കുന്നു

ചിത്ര കാർഡുകൾ വായനകൾ നിർമ്മാണ ശില്പശാല ഡിജിറ്റൽ സാധ്യതകളിൽ ഇന്നി കഥ കാണാനും കേൾക്കാനുംപുനര അവതരണത്തിനുമുള്ള സാധ്യതകൾ

ആഗസ്റ്റ്

തീയേറ്റർ സാധ്യതകൾ വായന കേളികൾഎന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാകാൻ

കഥയുടെ പുനര അവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം

സെപ്റ്റംബർ

ചിത്ര വായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു(കുട്ടിയുടെ വാചിക)പ്രകടനങ്ങൾ

ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ

ചിത്ര വായന കാർഡുകൾ തയ്യാറാക്കൽ

ഒക്ടോബർ

കൂട്ടു വായനകുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ച് ചിത്ര കഥവായന നടത്തുന്നു

ലളിതമായ വായന കാർഡുകൾ സഹായത്തോടെ വായിക്കുന്നു

വേദികളിൽ സ്വതന്ത്രമായി കഥ പറയൽ

നവംബർ

ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു.കുട്ടി സഹായത്തോടെ വായിക്കുന്നു.കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം

നാട്ടുവായന

കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു

ജനുവരി

ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽപ്രദർശിപ്പിക്കുന്നു.കുട്ടികൾ വായിക്കുന്നു

വായന കാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു

ഫെബ്രുവരി

PDF Scanner ACE Scanner

ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.ചിത്രകഥ പുസ്തകങ്ങൾ വായിക്കുന്നു.സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.നവമാധ്യമങ്ങളിൽ പങ്കിടുന്നു(നാട്ടുവായന)

എല്ലാ മാസവും

ഭാഷ പിരീഡുകളിൽ തൽസമയ നിർമ്മിത കഥകൾ വായിക്കാൻ.ഒന്നാന്തരത്തിൽ പ്രവേശിക്കുന്ന കുട്ടികളെ വായിച്ചു കേൾപ്പിക്കുന്നതിന് ആവശ്യമായ വായന കാർഡുകൾ.ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ എങ്കിലും ഓരോ കുട്ടിയും വായിക്കുന്നതിന് അവസരം ഒരുക്കുന്നു

ലക്ഷ്യം രണ്ട്

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പ് എഴുതി എല്ലാ ആഴ്ചയിലും പങ്കാളിത്ത പാഠങ്ങൾ(ചോദ്യങ്ങളിലൂടെ രൂപപ്പെടുത്തുന്ന ലളിത പാഠങ്ങൾ)

ഡയറി എഴുത്ത്

(സഹായത്തോടെ കഥ പൂരിപ്പിക്കൽ കാർട്ടൂണുകൾക്ക് സംഭാഷണം എഴുതൽ)

കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ പാഠങ്ങൾ ലഘു വീഡിയോ പ്രദർശിപ്പിച്ച് അതിൽനിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠങ്ങൾ നിർമ്മിക്കും ആദ്യം അറിയാവുന്ന രീതിയിൽ കുട്ടി എഴുതുന്നു പിന്നെ ടീച്ചർ എടുത്തു നോക്കി മെച്ചപ്പെടുത്തി എഴുതുന്നു .

**Writing skills**

**Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines**

ACE Scanner

# Academic master plan

## English

Aim . : To speak, Read, & write English without any mistakes

Time - June ,July, August

### June

Pretest

To develop listening skills & reading skills first

Listening skills

Games, Action songs Hello English activities,2 conversations, skit stories

Use ICT

Speaking skills

Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc

### July & August

Reading skills

News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities

Writing skills

Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

ACE Scanner

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June

- Introduce symbol words.
- Provides picture cards.

July

- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August

- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September

- Read and write simple words and Simple sentences
- Provides picture cards and reading cards.

October

- Introduce symbol picture descriptions.
- Make word chain, sentence chain.
- Make riddles.
- Describing words, rhyming words.
- Text book activities.

November

- Prepare reading cards.
- Provide more opportunities to read, right and speak English.
- Writes five English words daily.

December

- Read and understand simple instructions in the classroom.
- Encourage digital reading.

ACE Scanner

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description.

ACE Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ

ഗണിതം Std 2

ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

❖പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു .എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തന ലക്ഷ്യം

ACE Scanner

● പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

ജൂൺ

● 1, 2, 3, 4 ......

1,3,5,7....

10,20,30,40,.....

5,10,15,20....

2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

● ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

ജൂലൈ

● ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിൻ്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.

● ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

● പത്തിൻ്റെയും ഒന്നിൻ്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

ആഗസ്റ്റ്

● വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

● സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100

10 പത്തുകൾ ചേർന്നാൽ 100 ആകും

100 ഒന്നുകൾ ചേർന്നതാണ് 100

ACE Scanner

💡 ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

സെപ്റ്റംബർ

💡 ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

💡 വിലവിവരപട്ടിക തയ്യാറാക്കൽ

💡 ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ

ഉറപ്പിക്കുന്നു.

ഒക്ടോബർ

💡 രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു

💡 സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ

💡സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10... 15... 20... 25

(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

നവംബർ

💡സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

💡 പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ

💡 "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

💡 നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ

നോട്ട് നാണയം

ഡിസംബർ

💡സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.

💡സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)

💡 രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

ജനുവരി

💡 വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ. പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ

പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

💡 സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

ഫെബ്രുവരി

💡 ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

💡 ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

മാർച്ച്

💡 കലണ്ടർ പതിപ്പ് തയ്യാറാക്കൽ

💡 കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ

💡 കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ

💡 കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.

💡 ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

ACE Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

std 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല 'മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിൻ്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം).

മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ , കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

ACE Scanner

പ്രവർത്തന ലക്ഷ്യം

◆ രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

✨ജൂൺ✨

◆ ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)

◆ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

.◆ വായനാ സാമഗ്രികൾ നിർമിക്കൽ

◆ വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

✨ ജൂലൈ✨

◆ ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.

◆ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിൻ്റെയും സാധ്യത ഉറപ്പാക്കുന്നു.

◆ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

ആഗസ്ത്

◆ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

◆ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

◆ വീട്ടു ലൈബ്രറി ഒരുക്കൽ

◆ ചിത്ര വിവരണം

◆ വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

സെപ്റ്റംബർ

◆ വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ

◆ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

◆ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ

◆ വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്ക്കാരം ചെയ്യൽ

ഒക്ടോബർ

ACE Scanner

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ✏️ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

നവംബർ

✏️ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

ഡിസംബർ

✨ ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

✨ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ജനുവരി

✨ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

✨ ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ഫെബ്രുവരി

✨ എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത് )

✨ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

മാർച്ച്

🍁 വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.

🍁 ഇൻലൻ്റ് മാഗസിൻഓരോ കുട്ടിയും തയ്യാറാക്കൽ

🍁 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.🍁 വീട്ടുവായന , കൂട്ടു വായന, നാട്ടു വായന, അമ്മ വായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.🍁 ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

ACE Scanner

Academic master plan std 2

English

Aim . : To speak, Read, & write English without any mistakes

Time - June to march

- Pretest
- To develop listening skills & reading skills
- Games

Action songs

Hello English activities  Conversations

skit, stories use ICT

- Speaking skills

Descriptions

picture reading

picture description

Self introduction

English Assembly

Activities- speech , book review, quiz riddles,self introduction. School radio etc

- Reading skills

News paper reading

Library books reading

Book review

Reading breaking news  Rhyming words

Describing words etc Textbook activities

- Writing skills

Make word web

Picture description

Word chain sentence chain, make words,& sentences make riddles, conversations, Add more lines

Develop storyDescription  diary

ACE Scanner

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | SMC |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | | |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

| മധുരം മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ. പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

ACE Scanner

# English – Std ~~IV~~ III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനാശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

PDF Scanner ACE Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ്സ് 4
## മലയാളം

◆ലക്ഷ്യം
1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.
2. വായനശേഷി വളർത്തൽ.
3.എഴുത്തു പരിപോഷിപ്പിക്കൽ.
4.ലേഖനശേഷി വർദ്ധിപ്പിക്കൽ.

◆ സമയം- ജൂൺ to മാർച്ച്
◆ പ്രവർത്തനങ്ങൾ
1. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകൽ.
2. വായിക്കാം വളരാം
വായനശേഷി വളർത്തൽ
* ക്ലാസ് വായനക്കൂട്ടം.
* ക്ലാസ് ലൈബ്രറി ഒരുക്കൽ.
* പുസ്തക പരിചയം- വായനക്കുറിപ്പ്
* പുസ്തക സംവാദം- ആനുകാലിക വായന
3. എഴുതാം തെളിയാം
എഴുത്ത് പരിപോഷിപ്പിക്കൽ
* പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ.
4. എഴുത്തുകാരുമായി സംവദിക്കൽ
ലേഖനശേഷി വർദ്ധിപ്പിക്കൽ- സാഹിത്യകാരന്മാരെ അടുത്തറിയൽ.
. സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ.
5. കണ്ടറിയാം കേട്ടറിയാം
അറിവ് ഡോക്യുമെന്ററിലൂടെ നേടൽ (ICT).
. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ.
6. ഓർക്കാം
. സാഹിത്യകാരന്മാരുടെ ജന്മ ചരമ- ദിനാചരണങ്ങൾ സംഘടിപ്പിക്കൽ
.ക്വിസ്
. ലഘു പ്രഭാഷണം തയ്യാറാക്കൽ
.പതിപ്പ് നിർമ്മാണം.
◆ സർഗ്ഗോത്സവം
ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.
. കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.

ACE Scanner

അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്സ് 4

ഗണിതം

◆ ലക്ഷ്യം

1. ഗണിത പഠനം രസകരമാക്കൽ( ചതുഷ്ക്രിയകൾ ലളിതമാക്കൽ ).

2.ഗണിത പഠന പ്രവർത്തനം സുതാര്യ മക്കൽ.

3. ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ.

◆സമയം

ജൂൺ to മാർച്ച്

◆ പ്രവർത്തനങ്ങൾ

* വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ.

* ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം

* ഗണിത ലാബ് പഠനത്തിന് ഉപയോഗപ്പെടുത്തൽ.

* ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ.

* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം.

◆ഗണിത മേള

. പ്രശ്നോത്തരി

. പസ്സിൽ

. പാറ്റേൺ

. പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം.

ACE Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് 4

## പരിസര പഠനം

◆ ലക്ഷ്യം

1. ശാസ്ത്രപഠനം ലളിതവും രസകരവും ആക്കാൻ.

2. ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ.

◆ സമയം

ജൂൺ to മാർച്ച്

◆ പ്രവർത്തനങ്ങൾ

*പ്രകൃതി നടത്തം

പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.

*ശാസ്ത്രമൂല

ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

*ഭൂപടമൊരുക്കാം

ഭൂപട വായന

ഭൂപട രചന

സൂചിക നിർമ്മാണം.

*ശാസ്ത്ര വിസ്മയ ചുമർ

ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

*ശാസ്ത്രോത്സവം

. ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.

. പതിപ്പ്, ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം.

*ശാസ്ത്ര മാസിക

ശാസ്ത്ര മാസികയുടെ നിർമ്മാണം.

PDF Scanner ACE Scanner

Type your text

# അക്കാദമിക് പ്ലാൻ- അറബിക്

## TOWN LPS KARUNAGAPALLY

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | **അറബിക് മധുരം:**<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | **എഴുത്ത്, വായന:**<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗെയിമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗെയിമിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:** നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രോജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്ക ശേഷം മുതിർന്ന ക്ലാസ്സിലെ ഓരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടിസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

ACE Scanner

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർശനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖ്, രിഖ്അ) എഴുത്തുകളാണ്.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |